**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **28-02-2023 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. എ . പി . അനിൽ കുമാർ , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ രണ്ട് നഗരങ്ങളിലെ കുടിവെള്ള വിതരണത്തിന്റെ പൂർണ്ണ ചുമതലയും വെള്ളക്കരം പിരിക്കൽ അടക്കമുള്ളവയുടെ അധികാരവും സ്വകാര്യ കമ്പനിക്ക് നൽകാൻ വാട്ടർ അതോറിറ്റിയുമായി എ.ഡി.ബി. മുന്നോട്ട് വച്ച കരാറിന്റെ വ്യവസ്ഥകളിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ച് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ നിയന്ത്രണം, കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിക്കുന്നതാണ്. കോൺട്രാക്ടർക്ക് ഈ ചുമതലകൾ കൈമാറുവാൻ ധാരണ ആയിട്ടില്ല. |
| (ബി) | കൊച്ചിയിൽ വിതരണ നഷ്ടം 35 ശതമാനത്തിൽ താഴെയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റിയുടെ വിതരണ നഷ്ടം 50 ശതമാനത്തിൽ നിന്നും 20 ശതമാനമാക്കി കുറയ്ക്കാൻ കഴിയുമെന്ന് അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി കരാർ കമ്പനി മുന്നോട്ട് വച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി കോർപ്പറേഷനിലെ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകളിൽ പഴക്കം ചെന്ന പൈപ്പുകളിലൂടെയും, വാട്ടർ കണക്ഷൻ, വാൽവുകൾ എന്നിവയിലൂടെയുള്ള ലീക്കുകൾ ഉൾപ്പെടെ കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളത്തിന്റെ (Non Metered Water) അളവ് 50% ത്തോളമാണെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ, വാൽവുകൾ മുതലായവ മാറ്റി സ്ഥാപിച്ച് കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water-NRW) 20% ലേയ്ക്ക് കുറക്കുന്നതിന് ലക്ഷ്യമിട്ട് എ.ഡി.ബി ധനസഹായത്തോടെ കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ |

| | | | |
|---|---|---|---|
| | | | ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് 26.04.2023-ൽ ഉറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ഭാഗമായി കരാർ കമ്പനി മുന്നോട്ടുവച്ച പ്രസ്തുത അവകാശവാദങ്ങൾ സ്വീകരിക്കുകയുണ്ടായോ; എങ്കിൽ സാഹചര്യം വിശദമാക്കാമോ? | (സി) | എ.ഡി.ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സ്വകാര്യ കമ്പനിയുമായും കരാറിലേർപ്പെടുകയോ കരാർ നിബന്ധനകൾ മുന്നോട്ട് വയ്ക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ